# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


No. KEEC/GL/2025/12

തിരുവനന്തപുരം
20.02.2025

സ്വീകർത്താവ്
ശ്രീ.കെ.കൃഷ്ണൻകുട്ടി
ബഹു.വൈദ്യുതി വകുപ്പ് മന്ത്രി
കേരള സർക്കാർ
തിരുവനന്തപുരം

സർ,

വിഷയം : മാസ്റ്റർ ട്രസ്റ്റ് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ സർക്കാർ ഇടപെടലുകൾ സംബന്ധിച്ച്.

സൂചന : അങ്ങയുടെ ഓഫീസിൽ നിന്നും 6.2.2025 ൽ പുറത്തിറങ്ങിയെന്ന് പ്രചരിപ്പിക്കുന്ന മിനിട്ട്സ്.

അങ്ങയുടെ ഓഫീസിൽ നിന്നും പുറത്തിറങ്ങിയെന്ന് പ്രചരിക്കുന്ന ഒരു മിനിറ്റ്സിലെ പേജ് 3 അവസാന പാരഗ്രാഫിലെ ഒരു സുപ്രധാന വിഷയത്തെ സംബന്ധിച്ച് ഞങ്ങളുടെ ആശങ്കകളും ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങളും അങ്ങയെ അറിയിക്കുന്നു.

മേൽ മിനിറ്റ്സിലെ Item-2 മാസ്റ്റർ ട്രസ്റ്റ് ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ സർക്കാർ ഇടപെടലുകൾ സംബന്ധിച്ച് മാസ്റ്റർ ട്രസ്റ്റുമായി ബന്ധപ്പെട്ട് കമ്മിറ്റി വിപുലീകരിക്കുമെന്നും ഉടനെതന്നെ ഉത്തരവ് പുറത്തിറക്കുവാൻ തീരുമാനിച്ചുവെന്നും കാണുന്നു. ത്രികക്ഷി കരാർ പ്രകാരം രൂപംകൊണ്ട മാസ്റ്റർ ട്രസ്റ്റ് വിപുലീകരിക്കുമ്പോൾ അതിൽ അംഗങ്ങൾ ആകേണ്ടുന്നത് ത്രികക്ഷി കരാറിൽ ഒപ്പിട്ട സംഘടനകളാണ്. ഒപ്പിട്ട സംഘടനകൾക്കാണ് അതിൽ Locus Standi ഉള്ളത്. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) ത്രികക്ഷി കരാറിൽ ഒപ്പിട്ട സംഘടനാ ആയതിനാൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുമ്പോൾ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) യെ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | നസീർ.എം |
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

**ഉള്ളടക്കം**

1. സൂചന മിനിറ്റ്സ് പകർപ്പ്
2. ത്രികക്ഷി കരാർ പകർപ്പ് - പ്രസക്തഭാഗം

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No 10485
★ INTUC ★

പുതുക്കിയ നടപടിക്കുറിപ്പ്

**നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സ് (എൻ.സി.സി.ഒ.ഇ.ഇ.ഇ) - ന്റെ ആഭിമുഖ്യത്തിൽ 20.02.2025-ന് ഒരു ദിവസത്തെ പണിമുടക്ക് നടത്തുന്നതായി അറിയിച്ചു കൊണ്ട് നൽകിയ നിവേദനത്തിലെ ആവശ്യങ്ങളിന്മേൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 06.02.2025-ന് വിളിച്ചു ചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്**

നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സ് (എൻ.സി.സി.ഒ.ഇ.ഇ.ഇ)-ന്റെ ആഭിമുഖ്യത്തിൽ 20.02.2025-ന് ഒരു ദിവസത്തെ പണിമുടക്ക് നടത്തുന്നതായി അറിയിച്ചു കൊണ്ട് നൽകിയ നിവേദനത്തിലെ ആവശ്യങ്ങളിന്മേൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 06.02.2025-ന് സെക്രട്ടേറിയറ്റിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ വിളിച്ച ചേർത്ത യോഗം ഉച്ചയ്ക്ക ശേഷം 3.00 മണിക്ക് ആരംഭിച്ചു. പങ്കെടുത്തവരുടെ പേരുവിവരം ചുവടെ കൊടുത്തിരിക്കുന്നു.

സംഘടനാ പ്രതിനിധികൾ

1. ശ്രീ. എളമരം കരീം, പ്രസിഡന്റ്, എൻ.സി.സി.ഒ.ഇ.ഇ.ഇ.
2. ശ്രീ. എസ്. ഹരിലാൽ, കൺവീനർ, എൻ.സി.സി.ഒ.ഇ.ഇ.ഇ.
3. ശ്രീ. സുരേഷ് കുമാർ എം.ജി., സെക്രട്ടറി, ഇ.ഇ.എഫ്.ഐ.
4. ശ്രീ. ആർ. ചന്ദ്രശേഖരൻ, ഐ.എൻ.റ്റി.യു.സി.
5. ശ്രീ. എ. എം. ഷിരാസ്, കെ.ഇ.ഡബ്ല്യൂ.എഫ്(എ.ഐ.റ്റി.യു.സി.)
6. ശ്രീ. റ്റി. ഷാജി കുമാർ, കെ.ഇ.ഡബ്ല്യൂ.എഫ്(എ.ഐ.റ്റി.യു.സി.)
7. ശ്രീ. ബി. ശശികുമാർ, ജനറൽ സെക്രട്ടറി, കെ.എസ്.ഇ.ബി. പെൻഷനേഴ്സ് അസോസിയേഷൻ
8. ശ്രീ. എൻ. വേണുഗോപാൽ, പ്രസിഡന്റ്, കെ.എസ്.ഇ.ബി. പെൻഷനേഴ്സ് അസോസിയേഷൻ
9. ശ്രീ. ലാലു എസ്. , കെ.എസ്.ഇ.ഡബ്ല്യൂ.എ.( സി.ഐ.റ്റി.യു.)
10. ശ്രീ. സജീവ് കുമാർ എം. പി., വൈസ് പ്രസിഡന്റ്, കെ.എസ്.ഇ.ഡബ്ല്യൂ.എ.( സി.ഐ.റ്റി.യു.)
11. ശ്രീ. സജു. എ. എച്ച്., ട്രഷറർ, കെ.എസ്.ഇ.ഡബ്ല്യൂ.എ.( സി.ഐ.റ്റി.യു.)
12. ശ്രീ. പ്രദീപ് നെയ്യാറ്റിൻകര, ഐ.എൻ.റ്റി.യു.സി.
13. ശ്രീ. നൗഷാദ് എസ്. വൈസ് പ്രസിഡന്റ്, കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് കോൺഫെഡറേഷൻ (കെ.ഇ.ഒ.സി.)
14. ശ്രീ. ജയപ്രകാശൻ പി., കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ.

ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

2. ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്
3. ശ്രീ. ബിജു, ആർ. , ഡയറക്ടർ(ഫിനാൻസ്), കെ.എസ്.ഇ.ബി. ലിമിറ്റഡ്.
4. ശ്രീ. സുരേന്ദ്ര പി., ഡയറക്ടർ(എച്ച്. ആർ.എം.), കെ.എസ്.ഇ.ബി. ലിമിറ്റഡ്.
5. ശ്രീ. സജി പൗലോസ്, ഡയറക്ടർ( ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം.), കെ.എസ്.ഇ.ബി. ലിമിറ്റഡ്.
6. ശ്രീമതി ഗീത എം., ചീഫ് എഞ്ചിനീയർ(എച്ച്.ആർ.എം.), കെ.എസ്.ഇ.ബി. ലിമിറ്റഡ്.
7. ശ്രീ. എസ്. പ്രസാദ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(എച്ച്.ആർ.എം. - I), കെ.എസ്.ഇ.ബി. ലിമിറ്റഡ്.
8. ശ്രീ. അനിൽ രോഷ് റ്റി. എസ്., ഫിനാൻഷ്യൽ അഡ്വൈസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്.
9. ശ്രീ. ബിജു വിശ്വം റ്റി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(എച്ച്.ആർ.എം. - II), കെ.എസ്.ഇ.ബി. ലിമിറ്റഡ്.
10. ശ്രീ. രാം മഹേഷ്, ചീഫ് പേഴ്സണൽ ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്.
11. ശ്രീ. സെജൻ സ്റ്റീഫൻ, റീജണൽ പേഴ്സണൽ ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്.

യോഗത്തിൽ പങ്കെടുത്തവരെ ആദ്യമായി ബഹു. വൈദ്യുതി വകുപ്പ് മന്ത്രി സ്വാഗതം ചെയ്തു. തുടർന്ന് നോട്ടീസിലെ ഓരോ ആവശ്യവും ഇനം തിരിച്ച് ചർച്ചയ്ക്കെടുത്തു.

## 1. <u>പവർ സെക്രട്ടറിയുടെ ഏകപക്ഷീയമായ ഉത്തരവുകൾ പിൻവലിക്കുക</u>

ചർച്ചയ്ക്ക് തുടക്കം കുറിച്ച ശ്രീ ഹരിലാൽ 01.11.2023-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ കെ.എസ്.ഇ.ബി,എൽ.-ലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ത്രികക്ഷി കരാർ ഉൾപ്പെടെയുള്ള സർവ്വ വിധ ആനുകൂല്യങ്ങളും ഒറ്റയടിക്ക് ഇല്ലായ്മ ചെയ്യുന്നതാണെന്ന് കുറ്റപ്പെടുത്തി. ഈ വിജ്ഞാപനം കെ.എസ്.ഇ.ബി.എൽ.-നെ തകർക്കുക എന്ന ഗൂഢ ഉദ്ദേശ്യത്തോടെയാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും അദ്ദേഹം ആരോപിച്ചു.

തുടർന്ന് സംസാരിച്ച ശ്രീ എളമരം കരീം കെ.എസ്.ഇ.ബി.എൽ.-ന്റെ കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളിൽ/ ഉത്തരവുകളിൽ 2013-ലെ വിജ്ഞാപനത്തിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് മാത്രമേ നടപ്പിൽ വരുത്താൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണെന്നും ഈ വിഷയത്തിൽ നാമ മാത്ര പ്രാതിനിധ്യമുള്ള ഒരു സംഘടനയുമായി ചർച്ച നടത്തി അന്നേ ദിവസം തന്നെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായിട്ടാകണണ് കാണുന്നതെന്നും അതുകൊണ്ടുതന്നെ ഇത് കെ.എസ്.ഇ.ബി.എൽ.-നെ തകർക്കാനുള്ള വ്യക്തമായ അജണ്ടയുടെ ഭാഗമായി ചെയ്തതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു എന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച ശ്രീ സുരേഷ് കുമാർ 10 വർഷ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി സർക്കാരിലേയ്ക്ക് ഒടുക്കണം എന്ന മാത്രമേ 2023-24 ലെ ബജറ്റിൽ പരാമർശിച്ചിട്ടുള്ളൂ എന്നും അതിനായി ജീവനക്കാരുടെ പെൻഷൻ സുരക്ഷ ഉറപ്പ നൽകുന്ന മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചത് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഇല്ലാതാക്കുന്ന രീതിയിലാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നും കുറ്റപ്പെടുത്തി.

തുടർന്ന് സംസാരിച്ച ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഈ വിജ്ഞാപനം പുറപ്പെടുവിച്ചത് നിയമ ധനകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ച ശേഷമാണെന്നും ഇലക്ട്രിസിറ്റി ഡ്യൂട്ടി സർക്കാരിലേയ്ക്ക് അടവാക്കുന്നത് ഒഴികെ സർക്കാരിന് മറ്റൊരു ഉദ്ദേശ്യവുമില്ലെന്നും പ്രസ്തുത നോട്ടിഫിക്കേഷൻ പിൻവലിക്കുന്നതിന് ഊർജ്ജ വകുപ്പിന് തത്വത്തിൽ യോജിപ്പാണെന്നും നിയമ വകുപ്പും ഇക്കാര്യത്തിൽ യോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും നോട്ടിഫിക്കേഷൻ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബഹു. കോടതിയുടെ അനുവാദത്തോടെ മാത്രമേ വിജ്ഞാപനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ സാധിക്കൂ എന്നും അഭിപ്രായപ്പെട്ടു. നോട്ടിഫിക്കേഷൻ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും ധനകാര്യ വകുപ്പ് യോജിക്കുന്ന പക്ഷം ബഹു. ഹൈക്കോടതിയുടെ അനുമതിയോടെ വിജ്ഞാപനം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന് സംസാരിച്ച ശ്രീ എളമരം കരീം വിജ്ഞാപനം പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം അടിയന്തരമായി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ബഹു ധനകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ടു. ഇപ്പോൾ ബജറ്റ് അവതരണവുമായി ബന്ധപ്പെട്ട തിരക്കു കഴിയുമ്പോൾ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായി ഇക്കാര്യം സംസാരിക്കാമെന്ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ഉറപ്പ നൽകി. ഫെബ്രുവരി 28-ന് മുൻപ് ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകണമെന്ന് ശ്രീ എളമരം കരീം ആവശ്യപ്പെട്ടു. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഫെബ്രുവരി 28-ന് മുമ്പ് വിജ്ഞാപനം റദ്ദാക്കുന്നതാണെന്ന് ബഹു. മന്ത്രി ഉറപ്പ് നൽകി.

2. **<u>മാസ്റ്റർ ട്രസ്റ്റ് ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ സർക്കാർ ഇടപെടലുകൾ നടത്തുക</u>**

ഈ വിഷയവുമായി ബന്ധപ്പെട്ട് സംസാരിച്ച ശ്രീ ഹരിലാൽ Actuarial Deficit പരിഹരിക്കാം എന്ന് ത്രികക്ഷി കരാറിൽ പരാമർശിച്ചിരുന്നുവെന്നും ആയത് അടിയന്തരമായി നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടു. Actuarial Value വിലെ ഭീമമായ സംഖ്യ കാണിച്ച് കെ.എസ്.ഇ.ബി.എൽ കടക്കെണിയിലാണെന്ന് വരുത്തി തീർക്കാൻ ശ്രമം നടക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. ഏകദേശം 40 വർഷത്തേയ്ക്കുള്ള പ്രതീക്ഷിത ബാധ്യതയാണ് ഇതിൽ വരുന്നതെന്നും യഥാർത്ഥ ചെലവ് ഓരോ വർഷവും ഈ ഇനത്തിൽ എത്ര ചെലവ് പ്രതീക്ഷിക്കുന്നുവോ അത് മാത്രമേ വരികയുള്ളൂ എന്നും വ്യക്തമാക്കി. Actuarial Value നിർണ്ണയിക്കുന്നതിൽ പ്രതീക്ഷിത ആയുർദൈർഘ്യം (Life Expectancy), വിപണിയിലെ പലിശ നിരക്ക്, ജീവനക്കാരുടെ ശമ്പളത്തിൽ ഉണ്ടാകുന്ന വർദ്ധനവ് എന്നിവയെല്ലാം Actuarial Value വിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആണെന്ന് പറഞ്ഞു. ഇതിന് ആവശ്യമായ ക്രമീകരണങ്ങൾ സ്കീമിൽ തന്നെ

ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. Return of Equity ഇതിന് ഒരു ഉദാഹരണമാണ്. തുടക്കത്തിൽ 1500 കോടി രൂപ മാത്രം ഉണ്ടായിരുന്ന കമ്പനിയുടെ ഇക്വിറ്റി ഇരട്ടിയിൽ കൂടുതലായി വർദ്ധിപ്പിച്ചത് ഈ ലക്ഷ്യത്തോടെയാണെന്നും അദ്ദേഹം പരാമർശിച്ചു. കമ്പനികളുടെ പ്രതീക്ഷിത ബാധ്യതകളും ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇക്കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തവരാണ് കെ.എസ്.ഇ.ബി.എൽ. 35000 കോടി രൂപയുടെ കടത്തിലാണെന്ന് അഭിപ്രായപ്പെടുന്നത്. ഇപ്രകാരത്തിൽ തെറ്റായ പ്രചരണങ്ങൾ നടത്തി സർക്കാരിന്റെ പ്രതിച്ഛായ തകർക്കാനുള്ള ശ്രമങ്ങളെ ചെറുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

തുടർന്ന് സംസാരിച്ച ഡയറക്ടർ (ഫിനാൻസ്) മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ Funding pattern രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചു. ഇതിനായി ആവശ്യമുള്ള തുകയ്ക്കുള്ള ബോണ്ട് പുറപ്പെടുവിക്കാവുന്നതാണെന്നും ഓരോ വർഷവും ആവശ്യമുള്ള തുക തിരിച്ചടവ് വരത്തക്ക വിധത്തിൽ ബോണ്ടിന്റെ തിരിച്ചടവ് കാലാവധി ക്രമീകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടു. ഇതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും Income Tax Exemption കിട്ടിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതിനായി സർക്കാർ വിഹിതം നൽകുന്നില്ലെങ്കിൽ ആയത് കെ.എസ്.ഇ.ബി.എൽ. വഹിക്കേണ്ടി വരുമെന്നും ആയത് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉചിത തുടർ നടപടികൾ സ്വീകരിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറിക്കും കെ.എസ്.ഇ.ബി.എൽ. ചെയർമാനും ബഹു. മന്ത്രി നിർദ്ദേശം നൽകി.

തുടർന്ന് സംസാരിച്ച ശ്രീ സുരേഷ് കുമാർ പെൻഷൻ ഫണ്ടിലേയ്ക്ക് സർക്കാരിനോട് സഹായം ആവശ്യപ്പെടാമെങ്കിലും ത്രികക്ഷി കരാറിലോ കമ്പനിവൽക്കരണ സമയത്ത് പുറപ്പെടുവിച്ച ഉത്തരവുകളിലോ ഒന്നിലും തന്നെ 31.10.2013-ന് ശേഷമുള്ള Actuarial Value വിൽ സർക്കാർ വിഹിതം ലഭ്യമാക്കുമെന്ന് പരാമർശിച്ചിട്ടില്ലെന്നും ആയത് കെ.എസ്.ഇ.ബി.എൽ. തനതു നിലയിൽ കണ്ടെത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച സംഘടനാ പ്രതിനിധികൾ 02.01.2025-ന് നടന്ന ചർച്ചയിൽ തീരുമാനിച്ച പ്രകാരം പ്രശ്ന പരിഹാരത്തിനായി ഒരു കമ്മിറ്റി രൂപീകരിക്കുന്ന കാര്യം തീരുമാനിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെ നിലവിൽ വന്നിട്ടില്ലെന്നും കുറ്റപ്പെടുത്തി. കമ്മിറ്റിയുടെ അധ്യക്ഷത വഹിക്കാൻ പറ്റിയ വ്യക്തികളുടെ പാനൽ സമർപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു. തങ്ങൾക്ക് ഏതെങ്കിലും പ്രത്യേക വ്യക്തി വരണമെന്ന് താത്പര്യമില്ലെന്ന് ശ്രീ എളമരം കരീം അഭിപ്രായപ്പെട്ടു. പ്രസ്തുത കമ്മിറ്റി വിപുലീകരിക്കണമെന്നും മാസ്റ്റർ ട്രസ്റ്റുമായി ബന്ധപ്പെട്ട വിഷയം കൂടി പരിഗണനയിൽ ഉൾപ്പെടുത്താവുന്നതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. പ്രസ്തുത കമ്മിറ്റിയിൽ NCCOEEE യിൽ അംഗങ്ങളായിട്ടുള്ള INTUC, AITUC എന്നീ ഘടക സംഘടനകളുടെയും പെൻഷൻകാരുടെ സംഘടനയുടെയും പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കമ്മിറ്റി വിപുലീകരിക്കുന്നതിനും ഉടനെ തന്നെ ഉത്തരവ് പുറപ്പെടുവിക്കാനും തീരുമാനിച്ചു. ഈ വിഷയത്തിൽ ഫയൽ സമർപ്പിക്കാൻ ഊർജ്ജ വകുപ്പിനോട് യോഗം നിർദ്ദേശിച്ചു.

**3. ശമ്പള പരിഷ്കരണ കരാറുകൾക്ക് അംഗീകാരം നൽകുക**

ഈ വിഷയത്തിൽ ചർച്ചയ്ക്ക് തുടക്കം കുറിച്ച ശ്രീ സുരേഷ് കുമാർ തങ്ങൾ പുതിയ ആനുകൂല്യമല്ല ആവശ്യപ്പെടുന്നതെന്നും തങ്ങൾക്ക് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യം ഉൾപ്പെട്ട കരാറുകൾക്ക് സാധൂകരണം നൽകണം എന്നാണ് ആവശ്യപ്പെടുന്നതെന്നും വ്യക്തമാക്കി. ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകാതിരുന്നതാണ് ഇത് വൈകുവാൻ ഇടയാക്കിയതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. 2016 ൽ നടപ്പിലാക്കിയ പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരം ലഭ്യമാക്കിയെന്നും 2021 ൽ നടപ്പിലാക്കിയ പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരം ഉടൻ ലഭ്യമാക്കുന്നതാണെന്നും ചീഫ് പേഴ്സണൽ ഓഫീസർ അറിയിച്ചു. തുടർന്ന് സംസാരിച്ച ശ്രീ എളമരം കരീം വിഷയം സമവായത്തിലൂടെ പരിഹരിക്കാൻ ബഹു. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച ശ്രീ ചന്ദ്രശേഖരൻ വകുപ്പിൽ എല്ലാ പ്രധാന സംഘടനകളും ചേർന്നുള്ള ഒരു പണിമുടക്കിന്റെ അന്തരീക്ഷം നിലനിൽക്കുകയാണെന്നും രണ്ട് ശമ്പള പരിഷ്കരണ കരാറുകൾക്കും ഫെബ്രുവരി 28-നു മുൻപായി അംഗീകാരം ലഭിക്കേണ്ട ആവശ്യമുണ്ടെന്നും വ്യക്തമാക്കി. 2016 മുതൽ ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യം അടങ്ങിയ കരാറിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് അറിയുന്ന ജീവനക്കാരുടെ മാനസികാവസ്ഥ സർക്കാർ മനസ്സിലാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഈ വിഷയം യോഗം വിശദമായി ചർച്ച ചെയ്യുകയും ആവശ്യപ്പെട്ട വിവരം കെ.എസ്.ഇ.ബി.എൽ. ഉടനെ ലഭ്യമാക്കാമെന്ന് അറിയിക്കുകയും ചെയ്തു. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഫയൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതുൾപ്പെടെ അടിയന്തര തുടർ നടപടികൾ സ്വീകരിക്കാൻ ഊർജ്ജ വകുപ്പിന് നിർദ്ദേശം നൽകി. ഫെബ്രുവരി 28-ന് മുമ്പ് മന്ത്രിസഭാ യോഗത്തില് സമർപ്പിക്കുന്നത് ഉള്പ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ശ്രമിക്കുന്നതാണെന്ന് മന്ത്രി യോഗത്തെ അറിയിച്ചു.

**4. വൈദ്യുതി ജീവനക്കാരുടെ വേതനം മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടേതുമായി ഏകീകരിക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക.**

വൈദ്യുതി ജീവനക്കാരുടെ വേതനം മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടേതുമായി ഏകീകരിക്കുവാനുള്ള നീക്കം അംഗീകരിക്കാനാവില്ലെന്നും ഇപ്രകാരം ഒരു സമിതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആരുമായും ആലോചിച്ചിട്ടില്ലെന്നും സമിതിയുമായി ആരും തന്നെ സഹകരിക്കേണ്ടതില്ലെന്നും സംഘടനകൾ തീരുമാനിച്ചതായി ശ്രീ എളമരം കരീം അറിയിച്ചു. പ്രസ്തുത സമിതി ധനകാര്യ വകുപ്പാണ് രൂപീകരിച്ചിട്ടുള്ളതെന്നും വൈദ്യുതി ജീവനക്കാരുടെ വേതനം മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടേതുമായി ഏകീകരിക്കുവാനുള്ള യാതൊരു തീരുമാനവും ഊർജ്ജ വകുപ്പ് എടുത്തിട്ടില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ഇക്കാരം പരിശോധിക്കുന്നതാണെന്ന് ബഹു. മന്ത്രി അറിയിച്ചു.

**5. ക്ഷാമബത്ത ഗഡുക്കൾ അനുവദിക്കുക**

ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് സർക്കാരിന്റെ അനുവാദത്തിനു വേണ്ടി എഴുതുന്ന രീതി നേരത്തെ ഇല്ലായിരുന്നുവെന്നും ഇപ്പോൾ പുതിയതായി

തുടങ്ങിയിരിക്കുകയാണെന്നും സംഘടനാ പ്രതിനിധികൾ കുറ്റപ്പെടുത്തി. കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടം ഏറ്റെടുത്തു കൊണ്ടുള്ള സർക്കാർ ഉത്തരവിൽ പുതിയ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു. എന്നാൽ ക്ഷാമബത്ത എന്നത് പുതിയ ആനുകൂല്യം അല്ലെന്നും അത് ത്രികക്ഷി കരാറിലൂടെയും മറ്റും ഉറപ്പ് വരുത്തിയിട്ടുള്ള ആനുകൂല്യം ആണെന്നും ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതുമായിട്ടാണ് താരതമ്യം ചെയ്യേണ്ടതെന്നും ശ്രീ ഹരിലാൽ അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച അഡീഷണൽ ചീഫ് സെക്രട്ടറി ക്ഷാമബത്ത നൽകുന്നതിന് ധനകാര്യ വകുപ്പ് വിയോജിപ്പ് അറിയിച്ചിട്ടില്ലെന്നും ഒരു സ്പഷ്ടീകരണം മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ആയത് ഊർജ്ജ വകുപ്പ് കെ.എസ്.,ഇ.ബി.എൽ.-നെ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. എങ്കിൽ ആയതിനുള്ള വിവരം ലഭ്യമാക്കാൻ ശ്രീ എളമരം കരീം കെ.എസ്.ഇ.ബി.എൽ.-നോട് ആവശ്യപ്പെട്ടു. കുടിശ്ശിക നൽകുന്നതിന് എന്താണ് തടസ്സം എന്ന് അദ്ദേഹം CMD, KSEBL നോട് ആരാഞ്ഞു. അടുത്ത മൂന്ന് മാസത്തെ വൈദ്യുതി വാങ്ങൽ ചെലവിനുള്ള തുക എങ്ങനെ കണ്ടെത്തും എന്ന വിഷയം പരിശോധിച്ച കൊണ്ടിരിക്കുകയാണെന്ന് CMD, KSEBL വ്യക്തമാക്കി. ജീവനക്കാരുടെ ആനുകൂല്യം തടഞ്ഞു വച്ച കൊണ്ടാണോ ഇതിന് പരിഹാരം ഉണ്ടാക്കേണ്ടതെന്ന് ശ്രീ ഹരിലാൽ ചോദിച്ചു. ചർച്ചയിൽ ഇടപെട്ട ശ്രീ ചന്ദ്രശേഖരൻ നൂലാമാലകൾ നോക്കി ആനുകൂല്യങ്ങൾ നൽകുന്നത് മാറ്റി വയ്ക്കുന്നതിനു പകരം ജീവനക്കാരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് അവരുമായി ബോർഡിന്റെ പ്രശ്നം ചർച്ച ചെയ്യണമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. തുടർന്ന് സംസാരിച്ച ശ്രീ ഹരിലാൽ സ്ഥാപനത്തിൽ ഇപ്പോൾ ഏകദേശം 5000 തൊഴിലാളികളുടെ കുറവ് ഉണ്ടെന്നും ഉള്ള ജീവനക്കാരെക്കൊണ്ടാണ് ജോലി manage ചെയ്യുന്നത് എന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് ചർച്ചയിൽ ഇടപെട്ട ശ്രീ എളമരം കരീം ഒന്നോ രണ്ടോ ഗഡു ക്ഷാമബത്ത എങ്കിലും അനുവദിക്കണം എന്ന് ആവശ്യപ്പെട്ടു. തുടർന്ന് സംസാരിച്ച ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ക്ഷാമബത്ത കുടിശ്ശിക അനുവദിക്കാം എന്നും അടുത്ത ഗഡു ക്ഷാമബത്ത അനുവദിക്കുന്നത് അടുത്ത ബോർഡിൽ പരിഗണിക്കാം എന്നും വ്യക്തമാക്കി.

## 6. <u>പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിച്ച് ഓൾഡ് പെൻഷൻ പദ്ധതി നടപ്പിലാക്കുക</u>

ഈ വിഷയത്തിൽ സർക്കാരിന്റെ പൊതുവായ നയപരമായ തീരുമാനം ഉണ്ടാകേണ്ട വിഷയം ആയതിനാൽ യോഗത്തിൽ ചർച്ച ചെയ്തില്ല.

## 7. <u>ജീവനക്കാർക്കും പെൻഷൻകാർക്കും ബാധകമായ ആരോഗ്യ ചികിത്സാപദ്ധതി നടപ്പിലാക്കുക.</u>

ഈ വിഷയത്തിൽ ലഭിച്ച പ്രപ്പോസലുകൾ പരിശോധിച്ച വരികയാണെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

## 8. <u>പെറ്റി കോൺട്രാക്ട് ബില്ലുകൾ കാലതാമസമില്ലാതെ പാസ്സാക്കി പണം നല്കുക.</u>

കെ.എസ്.ഇ.,ബി.എൽ. മായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്ന പെറ്റി കോൺട്രാക്ടർമാർ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണെന്നും അവർക്ക് നൽകാനുള്ള കുടിശ്ശിക എത്രയും പെട്ടെന്ന് തീർപ്പാക്കണമെന്നും ശ്രീ ഹരിലാൽ ആവശ്യപ്പെട്ടു. തുടർന്ന് സംസാരിച്ച ശ്രീ സുരേഷ് കുമാർ capital expenditure, revenue expenditure എന്നിവയെ പ്രത്യേകം പ്രത്യേകമായി കാണണമെന്ന് ആവശ്യപ്പെട്ടു. റവന്യൂ ചെലവുകൾക്ക് റവന്യൂ വരുമാനത്തെയും മൂലധന ചെലവുകൾക്ക് വായ്പകളെയും ആശ്രയിക്കണമെന്ന് ആവശ്യപ്പെട്ടു.

ഊർജ്ജ മേഖലയിലെ പദ്ധതികൾക്ക് കടം കൊടുക്കണ്ടേതില്ല എന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിരുന്നതിനാൽ വായ്പ കിട്ടാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നുവെന്ന് ഡയറക്ടർ (ഫിനാൻസ്) അഭിപ്രായപ്പെട്ടു. കെ.എസ്..ഇ.ബി.എൽ. പ്രധാനമായും REC, PFC എന്നീ സ്ഥാപനങ്ങളിൽ നിന്നും ആണ് വായ്പ എടുക്കുന്നതെന്നും ചർച്ച നടത്തി കഴിവതും കുറഞ്ഞ നിരക്കിലുള്ള വായ്പയാണ് എടുക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന് സംസാരിച്ച ശ്രീ സുരേഷ് കുമാർ റവന്യൂ, മൂലധന ചെലവുകളെ പ്രത്യേകം പ്രത്യേകമായി കാണണം എന്ന് ആവശ്യപ്പെട്ടു. മുൻ വർഷങ്ങളിൽ ഏകദേശം 7400 കോടി രൂപയുടെ റവന്യൂ വരുമാനം ഉപയോഗിച്ച് മൂലധന ചെലവുകൾ നടത്തിയായി അഭിപ്രായപ്പെട്ടു.

2500 കോടി രൂപ വായ്പയെടുത്ത് അതുപയോഗിച്ച് capital expenditure നടത്തണമെന്ന് CMD, KSEBL അഭിപ്രായപ്പെട്ടു. തങ്ങളുടെ നിലപാടും അതു തന്നെയാണെന്ന് പറഞ്ഞ ശ്രീ സുരേഷ് കുമാർ മൂലധന ചെലവുകൾക്ക് ദീർഘകാല വായ്പകളെ ആശ്രയിക്കണമെന്ന് ആവശ്യപ്പെട്ടു.

തുടർന്ന് സംസാരിച്ച ഡയറക്ടർ (ഫിനാൻസ്) കോൺട്രാക്ടർമാർക്കുള്ള payment 7–ാം തീയതി മുതൽ വിതരണം ചെയ്യാമെന്ന് അഭിപ്രായപ്പെട്ടു.

**9. <u>കെ.എസ്.ഇ.ബിയിലെ കൺസൾട്ടൻസി രാജ് അവസാനിപ്പിക്കുക.</u>**

ഈ വിഷയത്തിൽ ചർച്ചയ്ക്ക് തുടക്കം കുറിച്ച ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ബഹു. ഹൈക്കോടതിയിൽ തന്നെ മൂവായിരത്തോളം കേസുകൾ നിലവിലുണ്ടെന്നും ഇതിൽ തന്നെ 1200 എണ്ണം ജീവനക്കാരുമായി ബന്ധപ്പെട്ടതാണെന്നും ആയതിനാൽ ഒരാളെയും പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രണ്ടു പേരെയും കൺസൽട്ടന്റുമാരായി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. അതിൽ നിയമിച്ചിരിക്കുന്ന ഒരു വ്യക്തിക്കെതിരെ പലയിടങ്ങളിലും പരാതി ഉള്ളതു കൊണ്ടാണ് തങ്ങൾ എതിർക്കുന്നതെന്ന് സംഘടനാ പ്രതിനിധികൾ വ്യക്തമാക്കി.

ചർച്ചയിൽ ഇടപെട്ട ശ്രീ എളമരം കരീം ഈ വിഷയം ഇപ്രകാരമുള്ള യോഗത്തിൽ ചർച്ച ചെയ്യുന്നതിനു പകരം സംഘടനാ പ്രതിനിധികളും ചെയർമാൻ & മാനേജിംഗ് ഡയറക്ടറും തമ്മിൽ ചർച്ച ചെയ്ത് പരിഹരിക്കണം എന്ന് ആവശ്യപ്പെട്ടു.

**10. വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനങ്ങൾ അടിയന്തിരമായി നടത്തുക.**

ചർച്ചയ്ക്ക് തുടക്കം കുറിച്ച ശ്രീ ഹരിലാൽ കെ.എസ്.ഇ.ബി.എൽ.-ൽ ഏകദേശം 5000 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും ഇത് പ്രവർത്തനത്തെ ബാധിക്കുന്നതായും അഭിപ്രായപ്പെട്ടു. ഇക്കാരണം കൊണ്ടു തന്നെ നിലവിലുള്ള ജീവനക്കാർക്ക് അമിത ജോലിഭാരം ഉണ്ടാകുന്നതിനോടൊപ്പം കൃത്യ സമയത്ത് സേവനം ലഭ്യമാക്കാൻ സാധിക്കുന്നില്ലെങ്കിൽ പൊതുജനങ്ങളുടെ ക്ഷോഭം ഉണ്ടാകുന്നതും വർക്കർ വിഭാഗത്തിൽ പെട്ടവരോടാണെന്നും കൂടി അദ്ദേഹം അഭിപ്രായപ്പെട്ടു. qualification ഭേദഗതി ചെയ്തു നൽകിയാൽ ഉടൻ തന്നെ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച ഡയറക്ടർ (ഫിനാൻസ്) സ്പെഷ്യൽ റൂൾസിന് പി.എസ്.സി.യുടെ അംഗീകാരം ഒരാഴ്ചയ്ക്കകം ലഭിക്കുമെന്ന് അറിയിച്ചു. ചർച്ചയിൽ ഇടപെട്ട ശ്രീ ഹരിലാൽ കമ്പനി റൂൾസിന് അംഗീകാരം ലഭിച്ചാലും scale of pay തീരുമാനിച്ച് നൽകാൻ പറയും എന്ന് അഭിപ്രായപ്പെട്ടു. പി.എസ്.സി. സർവീസ് റൂൾസ് അംഗീകരിച്ചാൽ സംഘടനകളുമായി ചർച്ച ചെയ്ത് ശമ്പള സ്കെയിൽ നിശ്ചയിക്കാം എന്ന് ഡയറക്ടർ (ഫിനാൻസ്) അഭിപ്രായപ്പെട്ടു.

ചർച്ചയിൽ ഇടപെട്ട ശ്രീ സുരേഷ് കുമാർ വർക്കർ തസ്തികയിലേയ്ക്കുള്ള നിയമനം അടിയന്തരമായി നടത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഇക്കാര്യം പരിശോധിക്കാൻ യോഗം CMD, KSEBL നോട് നിർദ്ദേശിച്ചു.

**11. കേരളത്തെ സാമ്പത്തിക ഞെരുക്കത്തിൽ ആക്കുന്ന കേന്ദ്രനയം തിരുത്തുക.**

ഈ വിഷയം ഊർജ്ജ വകുപ്പിന്റെ പരിധിയിൽ വരാത്തതിനാൽ ചർച്ച നടത്തിയില്ല.

ഇതു കൂടാതെ കെ.എസ്.,ഇ.ബി.എൽ.-ന്റെ പ്രവൃത്തികൾക്ക് കോംപീറ്റൻസ് സർട്ടിഫിക്കറ്റ് ഉള്ള വ്യക്തിയുടെയും കെ.എസ്.ഇ.ബി.എൽ. നൽകുന്ന പെർമിറ്റ് ഉള്ള വ്യക്തിയുടെയും മേൽനോട്ടത്തിൽ ലൈസൻസുള്ള കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം എന്ന വ്യവസ്ഥയിൽ കെ.എസ്.ഇ.ബി.എൽ. ലൈസൻസികളെ ഒഴിവാക്കാൻ സാധിക്കില്ലെന്ന ഊർജ്ജ വകുപ്പിന്റെ തീരുമാനം കെ.എസ്.ഇ.ബി.എൽ.-ന്റെ വർക്കുകളെ ദോഷകരമായി ബാധിക്കുമെന്നും ആയത് പിൻവലിക്കണമെന്നും സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു. വൈദ്യുതി സുരക്ഷയെ കരുതിയാണ് ഇപ്രകാരം നിർദ്ദേശം നൽകിയതെന്ന് ഊർജ്ജ വകുപ്പ് അഡീ ചീഫ് സെക്രട്ടറി വ്യക്തമാക്കി. എന്നാൽ

സർക്കാർ നിർദ്ദേശം പ്രായോഗികമല്ലെന്ന് CMD, KSBEL അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ സ്ഥിതിഗതികൾ വ്യക്തമാക്കിക്കൊണ്ട് സർക്കാരിലേയ്ക്ക് കത്ത് അയയ്ക്കാൻ യോഗം ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

കെ.എസ്.ഇ.ബി.എൽ.-ന്റെ വരവും ചെലവും തമ്മിൽ ഒരു ബാലൻസ് ഉണ്ടാകണമെന്നും അതിനാൽ എല്ലാ സംഘടനാ പ്രതിനിധികളും സഹകരിക്കണമെന്നും നിർദ്ദിഷ്ട പണിമുടക്കിൽ നിന്നും സംഘടനകൾ പിന്മാറണമെന്നും ബഹു. വൈദ്യുതി വകുപ്പ് മന്ത്രി അഭ്യർത്ഥിച്ചു.

യോഗം വൈകിട്ട് 4.45 ന് അവസാനിച്ചു.

# KERALA STATE ELECTRICITY BOARD LIMITED

(Incorporated under the Indian Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom, Thiruvananthapuram -695 004

Tel: 0471-2514492, 251 4455
e - mail: pokseb@gmail.com

KSEB
കേരളത്തിന്റെ ഊർജ്ജം

Personnel Department,
Vydyuthi Bhavanam, Pattom,
Thiruvananthapuram-695004

No. PS I(b)/Restructuring of KSEB/4059/2009 Date:01.08.2014

From

The Secretary

To

The General Secretary

All Trade Unions & Associations of Officers

Sir,

Sub: Copy of Tripartite Agreement – Forwarding of – Regarding.

Ref: PSI(b)/Restructuring of KSEB/4059/2009 dated 17.05.2014.

Copy of the Tripartite Agreement is forwarded herewith.

Yours faithfully

Secretary (Administration)

Acc: Copy of Tripartite Agreement.

Copy to:
1. TA to Chairman & Managing Director
2. PA to Director (Finance)
3. TA to Director (D&GE)
4. TA to Director (T & SO)
5. TA to Director (GC)
6. CA to the Secretary (Administration).

| Sl. No. | Name of Signatory Name of the Union/Association Registration Number For and on behalf of the Unions representing workmen and officers (Of the THIRD PART) | Signature | Witness (Name and Address) | Signature of witness |
|---|---|---|---|---|
| 1 | KSEB Workers' Association (CITU) · Reg No 54/71 K.O. Habeeb. President | [signature] | Ajithkumar.V.S. Asst. Secretary KSEB Worker's Association (CITU) | [signature] |
| 2 | V. Lekshmanan. General Secretary. KSEB Workers' Association (CITU) Reg Nr. 54/71. | [signature] | Sumasekhar.S State office Bearer KSEB Workers - Association (CITU) | [signature] |
| 3 | (Reg: no- 01-14/87 Sibykutty Francis General Secretary (INTUC) Kerala Electricity Employees Confederation | [signature] | Prathapkumar.S Secretary Kerala State Employees Confederation | [signature] |
| 4 | Gopa Kumar. V Treasurer Kerala Electricity Employees Confederation (INTUC) | [signature] | RAVIRAJ P.K. Working Committee Member KEEC/INTUC | [signature] |
| 5 | SURESH KUMAR M.G. General secretary KSEB officers Association | [signature] | Sathyarajan J Working President KSEB officers Association | [signature] |
| 6 | B. PRADEEP President KSEB officers Association | [signature] | K. Sreekumar Treasurer | [signature] |
| 7 | RANJIT KUMAR. V GENERAL SECRETARY KSEB ENGINEERS' (Reg 94/89) ASSOCIATION | [signature] | RAJESH. DS SECRETARY (HQ) KSEBEA. | [signature] |
| 8 | E. Mohammed Shereef President, KSEB Engineer's Association (Reg. No. 94/89) | [signature] | SANTHOSH. E Org Secretary (South) KSEBEA | [signature] |
| 9 | R. Chandrachoodan Nair General Secretary Kerala Power Board Officers Federation (Reg 1644/97) | [signature] | Nakulan Treasurer KPBOF | [signature] |
| 10 | K. S. Sunil Secretary Kerala Power Board Officers Federation 1644/97 | [signature] | Shibu. R. Organising Secy KPBOF | Shibu R. |